കേരളകൗമുദി

28 August 2025

# മത്സ്യമേഖലയിലും അന്യസംസ്ഥാന തൊഴിലാളികളുടെ ആധിപത്യം

▶ പ്രത്യേകലേഖകൻ




*സി.എം.എഫ്.ആർ.ഐയിൽ നടന്ന ശില്പശാല ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. മാജ ജോസ് ഉദ്ഘാടനം ചെയ്യുന്നു*

കൊച്ചി: കേരളത്തിലെ മത്സ്യബന്ധനമേഖലയിലും അന്യസംസ്ഥാനക്കാരുടെ ആധിപത്യം. കടലിൽ മീൻപിടിക്കുന്നവരിൽ 58 ശതമാനവും അന്യസംസ്ഥാന തൊഴിലാളികൾ. മീൻപിടിത്തം, വിപണനം, സംസ്കരണ രംഗങ്ങളിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) നടത്തിയ പഠനത്തിലാണ് കണ്ടെത്തൽ.

യന്ത്രവത്കൃത മത്സ്യബന്ധന മേഖലയിൽ ഏറ്റവും കൂടുതൽ അന്യസംസ്ഥാന തൊഴിലാളികൾ മുനമ്പം തുറമുഖത്താണ്. 78 ശതമാനം. തമിഴ്നാട്, പശ്ചിമ ബംഗാൾ, ഒഡീഷ സ്വദേശികളാണിവർ. സംസ്കരണ യൂണിറ്റുകളിൽ 50 ശതമാനവും വിപണനത്തിൽ 40 ശതമാനവും അന്യസംസ്ഥാന തൊഴിലാളികളാണ്.

തദ്ദേശീയരായ മത്സ്യത്തൊഴിലാളികൾ വരുമാനത്തിന്റെ 20 മുതൽ 30 ശതമാനം സമ്പാദ്യത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും ഭവനനിർമ്മാണത്തിനും ചെലവഴിക്കുന്നു. അന്യസംസ്ഥാന തൊഴിലാളികൾ 75 ശതമാനം വരെ നാട്ടിലേയ്ക്ക് അയ്ക്കുന്നു. തദ്ദേശീയരേക്കാൾ കുറഞ്ഞ വരുമാനമാണ് അന്യസംസ്ഥാന തൊഴിലാളികൾക്ക് ലഭിക്കുന്നത്. സ്വന്തം നാട്ടിലെ ദാരിദ്ര്യം, തൊഴിലില്ലായ്മ, കേരളത്തിലെ ഉയർന്ന വേതനം തുടങ്ങിയവയാണ് അന്യസംസ്ഥാന തൊഴിലാളികളെ ആകർഷിക്കുന്നത്.

പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശ്യാം എസ്. സലീമാണ് ഗവേഷണ പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ. കണ്ടെത്തലുകൾ സി.എം.എഫ്.ആർ.ഐയിൽ നടന്ന ശില്പശാലയിൽ അവതരിപ്പിച്ചു. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. മാജ ജോസ് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് അദ്ധ്യക്ഷനായി. ഡോ. ശ്യാം എസ്. സലിം, ഡോ. എ.ആർ. അനുജ, ഡോ. ടി. ഉമമഹേശ്വരി എന്നിവർ സംസാരിച്ചു.

> *" മത്സ്യ മേഖലയിലെ അന്യ സംസ്ഥാന തൊഴിലാളികളുടെ ആശങ്കകൾ ഏറ്റവും മികച്ച രീതിയിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.*
>
> *ഡോ. മാജ ജോസ്*
> *ഡെപ്യൂട്ടി ഡയറക്ടർ*
> *ഫിഷറീസ് വകുപ്പ്*